ഉത്തരം

(എ) വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് സ്കൂട്ടർ, മോട്ടോർസൈക്കിൾ യാത്രക്കാർക്ക് ഹെൽമെറ്റ് നിർബന്ധിതമാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഇപ്രകാരം ഒരു വാർത്ത ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) സ്കൂട്ടർ സവാരിക്കാർക്ക് ഹെൽമെറ്റ് നിർബന്ധിതമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പക്ഷേ തിയ്യതി നിശ്ചയിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിയ്ക്കുന്നില്ല.

(ഇ) സ്കൂട്ടർ ഓടിക്കുന്നവരും സ്കൂട്ടറിനു പുറകിലിരുന്നു സഞ്ചരിക്കുന്നവരും ഹെൽമെറ്റ് ധരിക്കണമെന്ന നിയമം കേന്ദ്ര ഗവൺമെൻറ് പാസ്സാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറ് ഉണ്ടാക്കുന്ന ചട്ടങ്ങൾ പ്രകാരം മാത്രമേ ആരെയെങ്കിലും ഈ വ്യവസ്ഥയിൽനിന്ന് ഒഴിവാക്കുവാൻ സാധിക്കുകയുള്ളു.

പോലീസ് സ്റ്റേഷനിൽ നൽകുന്ന പരാതികളിൻമേൽ ഉള്ള നടപടി

641 [930] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജനങ്ങളും അതുപോലുള്ള പാവപ്പെട്ട ആളുകളും പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചാൽ യാതൊരു വിധ പരിഗണനയും അതിൻമേൽ സ്വീകരിക്കുന്നില്ല എന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം അപേക്ഷകൾക്ക് കൂടുതൽ പരിഗണന നൽകുവാൻ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപെടുത്തിയാൽ കർശനമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഒറ്റപ്പെട്ട ചില പരാതികൾ ചില സന്ദർഭങ്ങളിൽ കിട്ടിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly